2025 - 2026

# ACADEMIC MASTER PLAN




## HIMAYATHUL ISLAM HIGHER SECONDARY SCHOOL

School Code : 17091

# ആമുഖം

ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ടു കിടക്കുന്ന കോഴിക്കോട്ടുക്കാർക്ക് മത ഭൗതിക വിജ്ഞാനം ഒരേ സമയം നൽകണമെന്ന സദുദ്ദേശ്യത്തോടെ ഒരു ആംഗ്ലോ- അറബിക് സ്കൂൾ 1912 ൽ സ്ഥാപിതമാകുന്നു. ഹിമായത്തുൽ ഇസ്ലാം കമ്മറ്റിയായിരുന്നു സ്കൂളിന്റെ മാനേജ്മെന്റ് 2000 ൽ ഹിമായത്ത് ഹൈസ്കൂൾ ഹയർസെക്കണ്ടറിയായി വളർന്നു. രണ്ടു സയൻസ് ബാച്ചുകളും, കംപ്യൂട്ടർ ആപ്ലിക്കേഷനോടുകൂടിയ കൊമേഴ്സ് ബാച്ചുമാണ് അനുവദിക്കപ്പെട്ടത് 2001 മുതൽ 5-ാം ക്ലാസ് മുതലുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസും ആരംഭിച്ചു

നിലവിൽ മുഹമ്മദ് ബഷീർ പ്രിൻസിപ്പൽ സ്ഥാനവും, വി കെ ഫൈസൽ ഹെഡ്മാസ്റ്റർ പദവിയും അലങ്കരിക്കുന്നു. അധ്യാപക അനധ്യാപക ജീവനക്കാരായി ഇപ്പോൾ 70 ഓളം പേരുണ്ട് ഇന്ന് കോഴിക്കോട് വലിയങ്ങാടിയിൽ കാണുന്ന വൻകിട കച്ചവടക്കാരും ബിസിനസ്സുകാരും ഹിമായത്തിന്റെ സന്തതികളാണ് മുൻമന്ത്രി പി എം അബൂബക്കർ, മുൻ മേയർ എം ബാവുട്ടി ഹാജി, മുൻ എം പി ബി വി അബ്ദുള്ളക്കോയ പ്രശസ്തരായ കെ ടി മുഹമ്മദ്, കെ പി മുഹമ്മദ്, കുഞ്ഞാവ, ഒളിംപ്യൻ റഹ്മാൻ, പി ടി ബാബുരാജ്, ഡോ. എം കെ ഖാലിദ്, സെയ്ദ് ഉമർ ഭാഫഖി തങ്ങൾ തുടങ്ങിയവർ ഹിമായത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്

ബഹുഭൂരിപക്ഷവും മത്സ്യതൊഴിലാളികളുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയം പൂജ്യം ശതമാനത്തിൽ നിന്നും പടിപടിയായി കയറി 100 ൽ എത്തിചേർന്ന ചരിത്രമാണ് ഹിമായത്തിനുള്ളത്.ഇപ്പോൾ കോഴിക്കോട് ജില്ലയിൽ തന്നെ മികച്ച വിദ്യാലയമായി ഹിമായത്ത് മാറിക്കഴിഞ്ഞു. മികച്ച് കംപ്യൂട്ടർ ലാബുകളും , ലബോറട്ടറിയും, ലൈബ്രറിയും, കോ-ഓപറേറ്റീവ് സ്റ്റോറും സഞ്ചിക ക്രഡിറ്റും, ടൈലറിംഗ് പഠനവും പ്രവർത്തി ക്കുന്നു. അതോടൊപ്പം JRC യും സജീവമായി പ്രവർത്തിക്കുന്നു. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും സജീവമാണ്. ശാസ്ത്രമേള, കായിക മേള, കലോത്സവങ്ങൾ തുടങ്ങിയവയിലൊക്കെ നിരവധി തവണ ജില്ലാതലങ്ങളിലും മികച്ച വിജയം കൊയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനതലങ്ങ ളിലും മികച്ച പ്രകടനങ്ങൾ കാഴ്ച വെക്കാറുണ്ട്. ജാഗ്രത സമിതി, കരിയർ ഗൈഡൻസ്, എസ്പർട്ട്, നെസ്റ്റ്, തുടങ്ങിയ പിന്തുണ സംവിധാനങ്ങളും ഇവിടെ സജീവമാണ് ഇതിനിടയിലും സ്ഥലപരിമിതി ഒരു വലിയ പോരായ്മയായിതന്നെ തുടരുന്നു. സ്ഥലപരിമിതി മൂലം വിവിധങ്ങ ളായ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുന്നെന്ന് പറയാതെ വയ്യ.

## പൊതു ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും ധാരണകളും നൈപുണികളും, ശേഷികളും മനോഭാവവും, മൂല്യവും വികസിപ്പിക്കുവാനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയ ങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കു, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണ്ണയത്തിന്റേയും, വിലയിരുത്തലിന്റേയും സാധ്യത പ്രയോജനപ്പെടുത്തു തുടങ്ങി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതയും, പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകതവുമായ പഠനമാണ് ക്ലാസ്റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ട് വെക്കുന്ന ആശ യങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

- ഒന്നുമുതൽ പന്ത്രണ്ടുവരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടേയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- ഐ സി ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക
- ഉന്നത നിലവാരത്തിലുള്ള അദ്ധ്യാപന ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന് പ്രയത്നിക്കും.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ നടത്തും
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം നൽകും



# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

കേരളത്തിന്റെ സാംസ്കാരികവും, കാർഷികവും, സാമൂഹികവും, സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കാനും, ഭരണഘടനാമൂല്യങ്ങളും ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.

- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകുട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി ഉൾപ്പെടുത്തുക
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമാക്കി മാറ്റുക.
- പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക
- സമ്പൂർണശുചിത്വം, പ്ലാസ്റ്റിക് - ലഹരിവിമുക്ത ക്യാമ്പസ് ആക്കി മാറ്റുക
- സ്വയം പഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സൗകര്യങ്ങളും ലൈബ്രറി ലാബ് പോലെയുള്ള സംവിധാനങ്ങളും സ്ഥാപനവൽക്കരിക്കുക.
- പഠനവും, ബോധനവും ആഹ്ളാദകരമായ അനുഭവമാക്കി മാറ്റുക
- എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണയും,ശേഷിയും, നൈപുണ്യവും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കും വിധം ആർജ്ജിക്കാനാവസരമൊരുക്കുക
- അടിസ്ഥാന ശേഷി വികസിപ്പിച്ച് കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കാനും,പ്രതിഭകളെ കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനും ശ്രമിക്കുക.
- ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക
- ഇരുപത് വർഷം മുന്നിൽകണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും, വിവിധ മേഖലകളിൽ നിന്ന് മേഖലകളിൽ നിന്ന് വിഭവങ്ങൾ സമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക





# പദ്ധതി രൂപീകരണ പ്രക്രിയ (വിഷൻ 2030)

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരക്കുന്നതിനും സ്കൂൾ സമഗ്ര വികസന രേഖ തയ്യാറാക്കുന്നതിനുമായുള്ള ആലോചനാ യോഗങ്ങൾ മൂന്ന് വർഷം മുമ്പ് തന്നെ തുടങ്ങിയിരുന്നു.വിവധ ഘട്ടങ്ങളിൽ പ്രാദേശിക സമൂഹത്തിനെ ഉൾക്കൊള്ളിച്ച് പൂർവ്വ വിദ്യാർത്ഥികളെ വർഷ ങ്ങൾക്കനുസരിച്ച് വ്യത്യസ്ത ഗ്രൂപ്പുകളായി തിരിച്ച് കൂട്ടായ്മ ഗ്രൂപ്പുകൾ ഉണ്ടാക്കി പ്രവർത്തനം നടത്തി വരുന്നു. വിഷൻ 2030 എന്ന പേരിലുള്ള ഈ പദ്ധതി സ്കൂളിന്റെ അക്കാദമിക മികവിനൊപ്പം ഭൗതിക ഘടകങ്ങളുടെയും മികവ് ലക്ഷ്യം വെയ്ക്കുന്നു. പുതിയ രീതിയിലുള്ള സജ്ജീകരണങ്ങളോടെ 90 ലക്ഷം രൂപ വരുന്ന സ്കൂൾ കെട്ടിടം ഈ പദ്ധതി ലക്ഷ്യം വെയ്ക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഹൈസ്കൂൾ വിഭാഗം

അക്കാദമിക മാസ്റ്റർ പ്ലാൻ          മലയാളം **2025-26**          എച്ച്.എസ് വിഭാഗം

| Sl.no | പ്രോഗ്രാം | പ്രവർത്തനം | കാലാവധി | ലക്ഷ്യങ്ങൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | 1.ഭാഷാപരമായ പിന്നാക്കവസ്ഥ പരിഹരിക്കൽ<br><br>(അക്ഷര വെളിച്ചം) | 1. Pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അക്ഷര കാർഡ്<br>4.വാക്കുകളുടെ കാർഡ്<br>5.വാക്കുകൾ നിർമ്മിക്കൽ<br>6.ചിത്രം-അടിക്കുറിപ്പ്<br>7.ചിത്രം- കഥപറയൽ<br>8.ചിത്രം - കഥ എഴുതൽ<br>9.കഥാപുസ്തകം നൽകൽ<br>10.ചിത്രം നോക്കി വാക്യ നിർമാണം<br>11.ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | Jun<br>July<br>Aug<br>Sep<br>Oct<br>Nov<br>വർഷം മുഴുവൻ | എല്ലാവർക്കും എഴുത്തും വായനയും ലളിതകരമാക്കുക | 5000<br><br>10000 |
| | | | | | |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കൽ<br>(വായനക്കൂട്ടം) | 1.ക്ലാസ്സിൽ വായനക്കൂട്ടം<br>2. ക്ലാസ് ലൈബ്രറി രൂപീകരണം<br>3. ലൈബ്രറി പുസ്തകങ്ങളുടെ വിതരണം<br>4. വായിച്ച പുസ്തകങ്ങളുടെ ലഘുക്കുറിപ്പ് എഴുതി സൂക്ഷിക്കൽ<br>5. പത്രവായന<br>6. കോപ്പിയെഴുത്ത്<br>7. പുസ്തക ചർച്ച<br>8. വായനാനുഭവം പങ്കുവെക്കൽ<br>9. വായന കുറിപ്പ് പതിപ്പ്<br>10. വിദ്യാരംഗം സാഹിത്യവേദി പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ<br>11. സാഹിത്യകാരനെ പരിചയപ്പെടാം (അഭിമുഖം)<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദ്യകരമായ വായന<br>14. കാവ്യ വായന മത്സരങ്ങൾ | Jun<br>Jul<br>Aug<br>Sep<br>Oct<br>Nov<br>Dec<br>Jan | വായനക്കൂട്ടം ,എഴുത്തുകൂട്ടം എന്നിവയുടെ രൂപീകരണം<br><br>ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമാക്കൽ<br><br>വായനയുടെ വിവിധതലം പരിചയപ്പെടൽ<br><br>വായനയിൽ വൈദഗ് ദ്യം നേടുക<br><br>ആസ്വാദ്യകരമായ വായന<br><br>വായന,എഴ | |

| | | | | | |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക<br><br>(സർഗ്ഗ വസന്തം)<br><br>ചുമതല | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ്<br>5. സാഹിത്യ ശാഖ പരിചയപ്പെടുത്തൽ<br>6. കഥ പറയാം കഥ കേൾക്കാം<br>7. ചുമർപത്രിക<br>8. പതിപ്പ് നിർമ്മാണം<br>9. മാഗസിൻ<br>10. വായനാക്കുറിപ്പ്<br>11. ആസ്വാദനക്കുറിപ്പ്<br>12. നാടക ശില്പശാല (അരങ്ങ്)<br>13. സാഹിത്യ ശില്പശാല<br><br>മലയാളം അധ്യാപകർ | June<br>July<br>Aug<br>Sep<br>Oct<br>Nov<br>Dec | ത്ത്<br>എന്നിവയുടെ<br>വികസന<br>തന്ത്രങ്ങൾ<br>വികസിപ്പി<br>ക്കൽ<br><br>വായനയുടെ<br>യും<br>എഴുത്തിന്റെ<br>യും<br>സാധ്യതകൾ<br>കണ്ടെത്തൽ<br><br>എഴുത്തിന്റെ<br>വിവിധ<br>തലങ്ങൾ<br>പരിചയപ്പെടു<br>ക<br><br>സാഹിത്യ<br>കാരന്മാരുമാ<br>യുള്ള<br>സംവാദം<br>അഭിമുഖം<br>എന്നിവ<br>സംഘടിപ്പി<br>ക്കൽ<br><br>നാടക<br>ശില്പശാല<br>സാഹിത്യ<br>ശില്പശാല<br>എന്നിവ<br>സംഘടിപ്പി<br>ക്കൽ | 15<br>00<br>0<br><br>20<br>00<br>0 |

Academic Master plan
Hindi

| SL No | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | *ഹിന്ദിയിലുള്ള ചെറുകഥ ചിത്രകഥ, ഇവയുടേ ശേഖരണവും ഉപയോഗവും. *ക്ലാസുകളിൽ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക. *ഭാഷാ അഭിരുചി വർധിപ്പിക്കാൻ ക്ലാസുകളിൽ ഹിന്ദി കാർട്ടൂൺ പ്രദർശനം നടത്തുക | ജൂൺ മുതൽ | ഹിന്ദി ടീച്ചേഴ്സ് | |
| 2 | ഹിന്ദി അനായാസം കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക | *ICT മുഖാന്തരം ചപ്റ്ററുമായി ബന്ധപ്പെട്ട് കഥ, കവിത, ക്ലാസുകളിൽ പ്രദർശിപ്പിക്കുക *പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമാണം ഇവ സംഘടിപ്പിക്കുന്നു. *ഹിന്ദി കലണ്ടർ തയ്യാറാക്കാനുള്ള അവസരം സൃഷ്ടിക്കുക. *ഹിന്ദി ഭാഷ ശിൽപ്പശാല സംഘടിപ്പിക്കുക. | ജൂൺ മുതൽ | ഹിന്ദി ടീച്ചേഴ്സ് | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ.........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്** | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ-ഡിസംബർ | | സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂലായ്-<br>ആഗസ്റ്റ് | സ്റ്റേജ്<br>സൗണ്ട് ബോക്സ് | അധ്യാപകർ |
| **<u>പ്രതിഭകളെ കണ്ടെത്തൽ</u>** | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| **<u>ദിനാചരണങ്ങൾ</u>**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി<br>പ്രൊജക്ടർ | അധ്യാപകർ |
| **<u>ആസ്വാദനം</u>** | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി<br>പ്രൊജക്ടർ | അധ്യാപകർ |
| **<u>അറബിക് ലാംഗ്വേജ് ലാബ്</u>** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി,<br>പ്രൊജക്ടർ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **<u>അറബിക് ഫെസ്റ്റ്</u>** | | | | |

| | | | | |
|---|---|---|---|---|
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

# HS വിഭാഗം സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ▪ ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് ക്ലാസിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു<br>▪ മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>▪ പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>▪ ക്ലാസുകളിൽ ലഘു പ്രൊജക്റ്റ് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |
| പരിസ്ഥിതി ബോധവൽക്കരണം | പരിസ്ഥിതി ദിനത്തിൽ മരത്തൈ നട്ടുപിടിപ്പിക്കൽ<br>▪പോസ്റ്റർ പ്രദർശനം | അക്കാദമിക വർഷം | പരിസ്ഥിതി ശാസ്ത്ര ബോധം ക്ലബ്ബ് | പി ടി എ |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ലാബിൽ ശാസ്ത്ര ലൈബ്രറി നിർമ്മിക്കുന്നു<br>സ്കൂളിൽ ശാസ്ത്ര മാഗസിൻ പ്രസിദ്ധീകരണം | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് | മാനേജ്മെന്റ് |
| ജൈവവൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ ജന്തു ജാലങ്ങളുടെപട്ടിക തയ്യാറാക്കൽ ബോട്ടാണിക്കൽ ഗാർഡൻ സന്ദർശനം | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് | പി ടി എ |

| | | | | |
|---|---|---|---|---|
| സസ്യ സംരക്ഷണത്തിന് ബോധവൽക്കരണം | സസ്യ ഉദ്യാന നിർമ്മാണം | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് | പാരൻസ് |
| സസ്യ സംരക്ഷണത്തിന് ബോധവൽക്കരണം | ▪രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പ്<br>▪കുളം സമുദ്രം കിണർ തുടങ്ങിയവയിലെ ജല സാമ്പിൾ ശേഖരണം ലാബ് പരിശോധന<br>▪മണ്ണിന്റെ പരിശോധന<br>▪ജലശുദ്ധീകരണം | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് | പി ടി എ |
| . പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |
| ലഹരി വിമുക്ത മനോഭാവം | ▪ബോധവൽക്കരണ ശാസ്ത്ര നാടകം<br>▪ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം<br>▪ഡോക്യുമെന്ററി പ്രദർശനം<br>▪ബോധവൽക്കരണ ക്ലാസുകൾ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് | മാനേജ്മെന്റ് |
| ശാസ്ത്ര കൗതുകം വളർത്തൽ | പുതുപുത്തൻ സാങ്കേതികവിദ്യകളും പുതിയ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു<br>▪ സംസ്ഥാന തലത്തിലുള്ള കിഡ്സ് പ്രോജക്ട് തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.<br>▪ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെ സന്ദർശിക്കുന്നു<br>▪ പാഴ് വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങൾ നിർമ്മിക്കുന്ന ക്യാമ്പ്<br>▪ വിവിധ ശാസ്ത്രജ്ഞന്മാരും അവരുടെ കണ്ടുപിടിത്തങ്ങളുമായി ബന്ധപ്പെട്ട ആൽബ നിർമ്മാണം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പാരൻസ് |

| Aim | Activities | Month | Responsible Person | Economic Source |
| --- | --- | --- | --- | --- |
| **To encourage**<br>**<u>Listening & Speaking.</u>**<br><br>**Introduce different genres (fiction, non- fiction, poetry)**<br>**Enhance vocabulary.**<br>**Enhance listening skills.**<br><br><br>**To encourage <u>Reading</u>**<br>**Develop basic reading, writing, listening, and speaking skills.**<br><br>**Cultivate effective communication skills for various contexts.** | **Interactive storytelling sessions discussing themes, characters and plots to enhance listening skills.**<br>**Group discussions and role-plays to improve speaking skills.**<br>**Vocabulary games and exercises to build word knowledge.**<br><br>**Interactive Reading Circles**:<br><br>**Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.**<br><br>**Each group reads the assigned text together and discusses key elements like plot, characters, and themes.**<br><br>**Encourage students to take turns reading aloud and share their interpretations and reactions to the text.**<br><br>**After discussions, each group presents a summary or analysis of their assigned text to the class.**<br><br>**Guided reading sessions with comprehension questions.**<br>**Listening comprehension exercises using audio stories.** | **June**<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>**July** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-<br>December<br><br>January -<br><br>February | English Teachers | English Club |

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities**:<br><br>**Differentiation and Support**: | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example, play word association games, charades, or vocabulary bingo to practice new words and concepts**.<br><br>**To create their own poems, stories, dictionary etc and present it to the class**.<br><br>**Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Assessment and Feedback**: | **Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.**<br><br>**Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.**<br><br>**Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.**<br><br>**Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.**<br><br>**Involve students in self-assessment and reflection activities to promote ownership of their learning process.**<br><br>**Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.**<br><br>**Provide resources and tips for parents on how to support their child's literacy** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Parent Involvement** | **development at home, including book recommendations, reading strategies, and language enrichment activities.**<br><br>**Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.**<br><br>**Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.**<br><br>**Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice.** | | **English Teacher**<br><br>**English Teachers & PTA Members & parents** | **English Club** |

# ഗണിതശാസ്ത്രം

സ്കൂൾ വിദ്യാഭ്യാസത്തിൽ ഗണിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. മറ്റു വിഷയങ്ങളിലെ പഠനവുമായും നിത്യജീവിതവുമായും ഇത്രയധികം ബന്ധപ്പെട്ടിരിക്കുന്ന മറ്റൊരു വിഷയമില്ല. എന്നിരുന്നാലും പത്തുവർഷത്തോളം ഉള്ള ഗണിത പഠനത്തിനുശേഷം ഹയർസെക്കൻഡറിയിൽ പ്രവേശിക്കുന്ന കുട്ടികളിൽ ഗണിതത്തോടുള്ള താൽപര്യം ഏറിയും കുറഞ്ഞു കാണപ്പെടുന്നു. ഒരു വിഭാഗം കുട്ടികൾ വളരെ രസകരമായും മറ്റൊരു വിഭാഗം കുട്ടികൾ വളരെ പ്രയാസത്തോടെയുമാണ് ഗണിതത്തെ സമീപിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളിലൂടെയും ഐസിടി സഹായം ഉപയോഗിച്ചുകൊണ്ടും ഒരു പരിധിവരെ അധ്യാപകർ  കുട്ടികളിൽ താല്പര്യമുണ്ടാക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതം -HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കുക | ജൂൺ ആദ്യവാരം | അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | പിയർ ഗ്രൂപ്പ് പ്രവർത്തനങ്ങൾ | ജൂൺ, ജൂലൈ | അധ്യാപകർ | |
| ഗണിത ക്ലബ്ബ് പ്രവർത്തനം | ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | ജൂലൈ | അധ്യാപകർ | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് | വർഷത്തിലൊന്ന് | അധ്യാപകർ<br>പിടിഎ | പിടിഎ |
| സ്കൂൾ തല ഗണിത മേള | മത്സരം സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് | അധ്യാപകർ | |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ഓരോ ടേമിലും | ജൂൺ<br>സെപ്റ്റംബർ<br>ജനുവരി | അധ്യാപകർ | |
| ഗണിത കൗൺസിലിംഗ് | ഗണിതത്തിൽ പിന്നോക്കരായ വിദ്യാർഥികളെ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നു | ഒരു വർഷം ഒന്ന് | അധ്യാപകർ<br>പിടിഎ<br>ഹെഡ്മാസ്റ്റർ | |
| മാത്തമാറ്റിക് മാഗസിൻ | എല്ലാ ക്ലാസിൽ നിന്നും ഒരു മാഗസിൻ | ഒരു വർഷം ഒന്ന് | അധ്യാപകർ | |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന രൂപങ്ങൾ, നിർമ്മാണം എന്നിവ | ശില്പശാല നടത്തുന്നു | വർഷത്തിലൊന്ന്<br>നവംബർ | അധ്യാപകർ<br>പിടിഎ | പിടിഎ |

| സാമൂഹ്യശാസ്ത്രം HS<br>അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 | | | | |
|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം / സാമ്പത്തികം |
| ചരിത്രബോധം വളർത്തൽ | മ്യൂസിയം സന്ദർശിക്കൽ, ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കൽ | തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം, ചരിത്രശേഷിപ്പുകൾ സംരക്ഷിക്കാനുള്ള അവബോധം | ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ | പി.ടി.എ, ക്ലബ്ബുകൾ |
| ജനാധിപത്യബോധം, പൗരബോധം | തെരഞ്ഞെടുപ്പ് പ്രക്രിയ, മോഡൽ പാർലമെന്റ് | ജനാധിപത്യ സമ്പ്രദായത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളിയാകുന്ന | ജൂലൈ | തെരഞ്ഞെടുപ്പ് സാമഗ്രികൾ, പി.ടി.എ, ക്ലബുകൾ |
| ദേശീയത | സ്വാതന്ത്ര്യ ദിനാഘോഷം, പ്രസംഗ മത്സരം, ക്വിസ് | കുട്ടികളിൽ ദേശസ്നേഹം വളർത്തൽ, സ്വതന്ത്ര സമര സേനാനികളോടുള്ള ആദരവ് | ഓഗസ്റ്റ് | പി.ടി.എ, ക്ലബ്ബുകൾ, മാനേജ്മെന്റ് |
| സാമ്രാജ്യത്വ / യുദ്ധവിരുദ്ധ മനോഭാവം | യുദ്ധവിരുദ്ധ പ്രതിജ്ഞ എടുക്കൽ, പോസ്റ്റർ തയ്യാറാക്കൽ | സാമ്രാജ്യത്വവും അതു സൃഷ്ടിക്കുന്ന യുദ്ധങ്ങളും മാനവരാശിക്ക് വരുത്തുന്ന വിപത്തുകൾ തിരിച്ചറിയൽ | ഓഗസ്റ്റ് | പി.ടി.എ, ക്ലബ്ബുകൾ |
| പാഠഭാഗത്തോടുള്ള താൽപര്യമില്ലായ്മ, പഠിക്കാൻ പ്രയാസമനുഭവപ്പെടൽ | സ്കൂളിന്റെ ചുവരുകളിൽ ഇന്ത്യയുടെയും കേരളത്തിന്റെയും ഭൂപടം വരക്കൽ | പാഠഭാഗം ലളിതവും ആകർഷകവും മാക്കൽ | സെപ്റ്റംബർ | മാനേജ്മെന്റ് |
| തീരദേശ മേഖലയുടെ സംരക്ഷണം | വേസ്റ്റ് ബിന്നുകൾ, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ, സ്കൂളിനോട് ചേർന്ന് ബീച്ചിലെ മാലിന്യ ശേഖരണം, ബോധവൽക്കരണം | പാരിസ്ഥിതികാവബോധം സൃഷ്ടിക്കൽ, തീരദേശ മേഖലയുടെ സംരക്ഷണം ഉറപ്പാക്കൽ | ഒക്ടോബർ, നവംബർ | പി.ടി.എ, ക്ലബ്ബുകൾ, മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| പ്രാദേശിക ചരിത്രത്തിലെ അവബോധമില്ലായ്മ | പ്രാദേശിക ഭൂപടം തയ്യാറാക്കുന്നു, സ്കൂൾ നിൽക്കുന്ന പ്രദേശത്തെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് യാത്രകൾ സംഘടിപ്പിക്കുന്നു | തങ്ങൾ ജീവിക്കുന്ന ചുറ്റുപാടിന്റെ ചരിത്രത്തെക്കുറിച്ചും പൂർവികർ നൽകിയ സംഭാവനയെ കുറിച്ചും തിരിച്ചറിയുന്നു | ഒക്ടോബർ, നവംബർ, ഡിസംബർ | പി.ടി.എ, ക്ലബ്ബുകൾ |
| കേരളപ്പിറവിയെ കുറിച്ച് അറിയാൻ | വായിച്ചു പരിചയപ്പെടൽ | ഐക്യ കേരള രൂപീകരണത്തെക്കുറിച്ച് അറിയൽ, കേരളീയനായ അഭിമാനം കണ്ടെത്തൽ | നവംബർ | പി.ടി.എ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ |
| മതേതരത്വം, സഹിഷ്ണുത | സർവ്വേ, ചർച്ചകൾ, സംവാദങ്ങൾ, ക്ലാസുകൾ, അഭിമുഖങ്ങൾ | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക, സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുക | അക്കാദമിക വർഷം മുഴുവൻ | പി.ടി.എ, ക്ലബ്ബുകൾ |
| ഒരു സാമൂഹ്യ ജീവി എന്ന നിലയിൽ കൈവരിക്കേണ്ട പൊതുവിജ്ഞാനം | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, സംവാദം തുടങ്ങിയവ. ചരിത്ര സിനിമാ പ്രദർശനം | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | അക്കാദമിക വർഷം മുഴുവൻ | പി.ടി.എ, ക്ലബ്ബുകൾ |
| പാരിസ്ഥിതികാവബോധം | കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്നു. വീഡിയോ പ്രദർശനം | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ എന്നിവയെക്കുറിച്ചുമെല്ലാം പരിചയപ്പെടുക | അക്കാദമിക വർഷം മുഴുവൻ | പി.ടി.എ, ക്ലബ്ബുകൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## HEALTH & PHYSICAL EDUCATION

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികളുടേയും ആരോഗ്യസംബന്ധവും പ്രകടന സംബന്ധവുമായ കായിക ക്ഷമത മെച്ചപ്പെടുത്തുക | ഒഴിവും സമയവും അധിക സമയവും കണ്ടെത്തി ക്ലാസ് തലത്തിൽ പരിശോധന | JUNE TO AUGUST | PHYSICAL EDUCATION TEACHER | NIL |
| ജില്ലാ, സംസ്ഥാന തല അത്‌ലറ്റിക്സ് ഗെയിംസ് മത്സരങ്ങളിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തവും മെഡൽ നേട്ടവും | വ്യക്തിഗത മാസ്റ്റർ പ്ലാനും സ്പോർട്സ് പ്രോഗ്രസ്സിവ് ചാർട്ടും തയ്യാറാക്കിയുള്ള പരിശീലന പദ്ധതി SPORTS TOUR & CAMP സംഘടിപ്പിച്ചു | JUNE TO DECEMBER | PHYSICAL EDUCATION TEACHER | പി ടി എ |
| യോഗ പ്രദർശനവും ബോധവത്കരണവും സംഘടിപ്പിക്കുക | ജൂൺ 21 യോഗ പ്രദർശനം | JUNE TO AUGUST | PHYSICAL EDUCATION TEACHER | പി ടി എ |
| FOOTBALL, HAND BALL, VOLLEY BALL, FENCING സ്കൂൾ ടീം തയ്യാറാക്കുക | മികച്ച കളിക്കാരെ കണ്ടെത്തി പരിശീലനം നൽകുക | JUNE TO AUGUST | PHYSICAL EDUCATION TEACHER | പി ടി എ |
| KIDS ATHLETICS PROMOTE ചെയ്യുക | LP ക്ലാസ്സുകളിലെ അധ്യാപക പങ്കാളിത്തത്തോടെ യുള്ള പ്രവർത്തനങ്ങൾ | AUGUST TO DECEMBER | PHYSICAL EDUCATION TEACHER | പി ടി എ |
| HEALTH AND PHYSICAL EDUCATION BOOK ന്റെ ഫലപ്രദമായ വിനിമയം ഉറപ്പാക്കുക | മികച്ച മുന്നൊരുക്കങ്ങൾ നടത്തി | JUNE TO FEBRUARY | PHYSICAL EDUCATION TEACHER | NIL |
| സ്കൂളിലെ മുഴുവൻ കുട്ടികളുടേയും കായിക ക്ഷമത മെച്ചപ്പെടുത്തുക | ANNUAL SPORTS DAY | SEPTEMBER | PHYSICAL EDUCATION TEACHER | പി ടി എ |
| കുട്ടികളുടെ നേട്ടങ്ങളെ അംഗീകരിക്കലും പ്രോത്സാഹിപ്പിക്കലും | സ്കൂളിലെ മികച്ച താരങ്ങളെ അനുമോദിക്കൽ | JANUARY | PHYSICAL EDUCATION TEACHER | പി ടി എ |
| SPORTS SELECTION FOR NEXT YEAR - പുതിയ കായിക താരങ്ങളെ കണ്ടെത്തൽ | SELECTION AND COACHING CAMP | JANUARY TO MARCH | PHYSICAL EDUCATION TEACHER | പി ടി എ |

| | അക്കാദമിക മാസ്റ്റർ പ്ലാൻ കലാപ്രവൃത്തിപരിചയം | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1 | കുട്ടികളുടെ കഴിവിനെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു | ചിത്രകലയെക്കുറിച്ചുള്ള-ഡമോൺസ്ട്രേഷൻ-ക്ലാസുകൾ, പെയിന്റിങ്, ക്ലേമോഡലിംഗ്,വെജിറ്റബിൾ പെയിന്റിങ്, ഫാബ്രിക്പെയിന്റിങ് എന്നിവയിൽ താല്പര്യമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്നു | അക്കാദമിക വർഷം | കലാ അധ്യാപകർ പ്രവൃത്തി പരിചയ അധ്യാപകർ | പി ടി എ |
| 2 | സ്വയം തൊഴിൽ മേഖലയിലേക്ക് കുട്ടികളെ പ്രോത്സാഹി | പോട്ട് പെയിന്റിങ്, പാളകൊണ്ടുള്ള ഉത്പന്നങ്ങൾ, മെറ്റൽ എമ്പോസിങ്, മെറ്റൽ എൻഗ്രേവിങ് | അക്കാദമിക വർഷം | പ്രവൃത്തി പരിചയ അധ്യാപകർ | പി ടി എ |
| 3 | കുട്ടികൾക്ക് പഠനമേഖലകൾ ലഘൂകരിക്കുന്നതിനു വേണ്ടി പഠനത്തിൽ | ഒറിഗാമി ,ഫയൽ നിർമ്മാണം, റൈറ്റിങ് ബോർഡ് നിർമ്മാണം | അക്കാദമിക വർഷം | കലാ അധ്യാപകർ പ്രവൃത്തി പരിചയ അധ്യാപ | പി ടി എ |
| 4 | താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം | പേപ്പർ ക്രാഫ്റ്റ്, എംബ്രോയിഡറി | അക്കാദമിക വർഷം | കലാ അധ്യാപകർ പ്രവൃത്തി പരിചയ | പി ടി എ |
| സിന്ധു കിഴക്കയിൽ നീഡിൽ വർക്ക് ടീച്ചർ | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## (വിഷയം - ഉർദു)

## ആമുഖം

ഇന്തോ ആര്യൻ ഭാഷാ ഗ്രോത്രത്തിലെ പ്രധാന ഭാഷകളിലൊന്നാണ് ഉർദു. അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന സംഗീത സുന്ദര ഭാഷയായ ഉർദു ഗസലുകളുടേയും ഖവാലികളുടേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും അന്തർധാരയാണ്. സാംസ്കാരിക സമന്വയത്തിന്റേയും മാനവ സാഹോദര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയായാണ് ഉർദു.

ഹിമായത്തുൽ ഇസ്ലാം എച്ച്.എച്ച്.എസിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അകാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**<u>പൊതു ലക്ഷ്യങ്ങൾ</u>**

> ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
> ഉർദു പഠിക്കുന്ന ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും ഉർദു വായിക്കാനും എഴുതാനും സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
> സ്കൂള് വിട്ട് പുറത്ത് വരുന്ന മുഴുവൻ ഉർദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
> ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
> വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
> എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക
> പത്താംതരത്തിലെ ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എസ്.എസ്.എൽ.സി പരീക്ഷയിൽ എ പ്ലസ് ഗ്രേഡ് ലഭിക്കും വിധം ഉയർന്ന നിലവാരത്തിലെത്തിക്കുക.

> ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.

> കുട്ടികളുലെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചന ശേഷികൾക്ക് പ്രോത്സാഹനം നൽകുക.
> വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 26

ഹിമയത്തുൽ ഇസ്‌ലാം എച്ച് എസ് എസ്
കോഴിക്കോട്.

# ഉർദു

# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | മീഠി ആവാസ് വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 2 | കൈയെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയെഴുത്ത് എന്നീ ലക്ഷ പൂർത്തീകരണത്തിനും. കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി കൈയെഴുത്ത് മാസിക ചുമർ പത്രിക നിർമാണം വായന കാർഡ് നിർമാണം | ടേമിൽ ഒന്ന് വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 3 | ഉറുദു ടൈപിഗ് | കുട്ടികൾക്ക് ഉറുദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 4 | ഉർദു പത്രം | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ. | ടേമിൽ ഒന്ന് വീതം | ഉർദു ക്ലബ് | 500 | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 5 | ഓൺലൈൻ മീഡിയ ഡിജിറ്റൽ മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാഗസിൻ തയ്യാറാക്കൽ | അദ്ധ്യാന വർഷം | ഉർദു ക്ലബ് | 500 | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 6 | ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായതും ഉർദു വിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | എല്ലാ മാസവും | ഉർദു ക്ലബ് | 500 | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 7 | ഗസൽ മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും ഉർദു മുശാഇറയും ഗസൽ വിരുന്നും സംഘടിപ്പിക്കാൻ | അദ്ധ്യാന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 5000 | എച്ച് എം സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 8 | സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകുംവിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | അദ്ധ്യാന വർഷം –1 | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 9 | ഷോർട്ട് ഫിലിമുകൾ | കുട്ടിക്കളി അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട് ഫിലിമുകൾ തയ്യാറാക്കൽ. | വിവിധ സന്ദർഭങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 10 | ഹാമാരി സബാൻ ഉർദു ദിനം | ടാലന്റ് മീറ്റ്, അക്ഷര മാറാ, ഭാഷാ സെമിനാർ, എന്റെ പതിപ്പ്. | നവംബർ – 9 | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 11 | വായനാ ശാക്തീകരണം | കുട്ടി വായന, അമ്മയും കുഞ്ഞും വായന ആസ്വാദനകുറിപ്പ്, പുസ്തക ചർച്ച, ക്വിസ് മത്സരം, മെഗാ ക്വിസ്. | അദ്ധ്യാന വർഷം | പി.ടി.എ. വിദ്യാർത്ഥികൾ | 500 | എച്ച് എം സബ്ജക്ട് കൗൺസിൽ |
